IV. സബ്മിഷൻ

(1) വാവുബലിദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്നത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി: കേരളത്തിൽ കർക്കിടക വാവിന് ബലി തർപ്പണത്തിന് പോകുന്ന നിരവധി ആളുകളുണ്ട്. അതിന് അരദിവസത്തെ അവധിയാണ് സംസ്ഥാന ഗവൺമെൻറ് ഇപ്പോഴും അനുവദിച്ചിട്ടുള്ളത്. അത് പൂർണ്ണ അവധിയാക്കി മാറ്റണമെന്ന ആവശ്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. കേന്ദ്രഗവൺമെൻറ് ആർ. എച്ച്. അനുവദിക്കുന്നുണ്ട്. അരദിവസത്തെ അവധി അനുവദിക്കുമ്പോഴും ഓഫീസുകളും നേരെ ഫങ്ഷൻ ചെയ്യില്ല. സ്കൂളുകളും വേണ്ട രീതിയിൽ പ്രവർത്തിക്കില്ല. അതുകൊണ്ട് ബലി തർപ്പണത്തിന് കൂടുതൽ സൗകര്യം ഒരുക്കാൻ വേണ്ടി കർക്കിടക വാവിന് ഈ വർഷം അരദിവസത്തെ അവധി പൂർണ്ണ അവധിയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം.

11 A. M.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കർക്കിടക വാവുബലിക്ക് ഇപ്പോഴും അനുവദിക്കുന്ന സിസ്റ്റം മാറ്റണമെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഇവിടെ നിരവധി അംഗങ്ങളും എഴുതിതന്നിട്ടുമുണ്ട്. ഇപ്പോഴും പൊതുവേ നിലവിലുള്ള ഒരു സിസ്റ്റം തുടരുന്ന സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. വളരെപ്പെട്ടെന്ന് അത് സംബന്ധിച്ച് തീരുമാനം പറയാനാവില്ല. ഇത് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

(2) ഇടുക്കി ജില്ലയിലെ കാലവർഷക്കെടുതി

ശ്രീ. കെ. കെ. ജയചന്ദ്രൻ: കഴിഞ്ഞ പത്ത്പതിനഞ്ച് ദിവസങ്ങളായി കേരളമാകെയുള്ള പേമാരിയിലും കാറ്റിലും വൻ നാശനഷ്ടമുണ്ടായിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമായും ഇടുക്കിജില്ലയിൽ നൂറുകണക്കിന് വീടുകളും പൂർണ്ണമായും അതിന്റെ ഇരട്ടിയോളം വരുന്ന വീടുകളും ഭാഗികമായും തകർന്നു. പന്ത്രണ്ട് ആളുകളാണ് അവിടെ മരിച്ചത്. അതിൽ പത്ത് പേർ ദേവികുളത്തുള്ളവരാണ്. അതിൽ ഒരു കുട്ടി ശാന്തൻപാറ പഞ്ചായത്തിലെ വള്ളിക്കുന്നിൽ താമസിക്കുന്ന വാഴട്ടുവീട്ടിൽ ശശിയുടെ മകൻ വിശാഖ് 16 വയസ്സ്. ആ കുട്ടിയുടെ മൃതദേഹം ഇതുവരെ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ പരിശ്രമവും നടത്തിയെങ്കിലും കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ്. മറെറാരു പ്രധാനപ്പെട്ട പ്രശ്നം 668 ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചുവെന്നാണ് ഇന്നലെവരെയുള്ള കണക്ക്. അവിടെ കൃഷിചെയ്യാൻ ആവശ്യമായ അടിയന്തിര സഹായം പ്രഖ്യാപിച്ചെങ്കിലും അവർക്ക് ലഭിക്കുന്നില്ല. എൻറെ നിയോജകമണ്ഡലത്തിൽതന്നെ ഏഴ് ആദിവാസി കുടികളാണ്. അതിൽ സ്ഥിരമായി താമസിക്കുന്ന ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി വളരെ ശോചനീയമാണ്. അവിടെ സൂര്യനെല്ലിയിൽ ചിന്നകനാൽ പഞ്ചായത്തിൽ താമസിക്കുന്ന ആദിവാസികളിലധികവും കാലവർഷക്കെടുതിയും ആന ശല്യവും കാരണം അവിടെനിന്നുംപോയി. ഒരു വിദഗ്ദ്ധ സംഘത്തെ അയച്ച് അവരെ അവിടെത്തന്നെ താമസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. പതിനേഴ് ഡാമുകളാണ് ഈ ജില്ലയിൽ ഉള്ളത്. അതിൽ പതിനാറെണ്ണവും കവിഞ്ഞൊഴുകുകയാണ്. മുല്ലപ്പെരിയാർ

LIBRARY ARCHIVES Kerala Legislative Assembly